©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 മാർച്ച് 23<br>23rd March 2021<br>1196 മീനം 9<br>9th Meenam 1196<br>1943 ചൈത്രം 2<br>2nd Chaithra 1943 | നമ്പർ<br>No. | 12 |

# PART I

# Notifications and Orders issued by the Government

(3)

നമ്പർ സി2-8204/2020.  2021 ഫെബ്രുവരി 22.

ചങ്ങനാശ്ശേരി താലൂക്കിൽ ചങ്ങനാശ്ശേരി വില്ലേജിൽ, പുഴവാത് കരയിൽ, മംഗ്ലാവുപറമ്പിൽ വീട്ടിൽ എം. എസ്. റസ്സാലി അവകാശ സർട്ടിഫിക്കറ്റിനായി സമർപ്പിച്ച അപേക്ഷയിൻമേൽ ചങ്ങനാശ്ശേരി വില്ലേജാഫീസർ മുഖേന അന്വേഷണം നടത്തിയതിൽ അപേക്ഷകന്റെ മകൻ റിയാസ് എം. റസ്സാലി 14-7-2020-ൽ മരണമടഞ്ഞിട്ടുള്ളതാണ്. പരേതന്റെ മാതാവ് അമീനത്ത് ബീവി ജീവിച്ചിരിപ്പില്ല. പരേതന്റെ അവകാശികളായി താഴെ പേര് പറയുന്നവർ മാത്രമാണുള്ളതെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഷാഹിത, സി. എം. | ഭാര്യ | 25 |
| 2 | റൈഹാൻ റിയാസ് | മകൻ | 8 മാസം |
| 3 | എം. എസ്. റസ്സാലി | പിതാവ് | 65 |

ചങ്ങനാശ്ശേരി താലൂക്കിൽ ചങ്ങനാശ്ശേരി വില്ലേജിൽ പുഴവാത് കരയിൽ മംഗ്ലാവുപറമ്പിൽ വീട്ടിൽ പരേതനായ റിയാസ് എം. റസ്സാലിയുടെ നിയമപരമായ അവകാശികളായി മേൽ പറഞ്ഞവർ മാത്രമാണുള്ളതെന്ന് അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം ചങ്ങനാശ്ശേരി തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്,  (ഒപ്പ്)
ചങ്ങനാശ്ശേരി.  തഹശീൽദാർ.

## Vaikom Taluk

പരസ്യം

നമ്പർ സി1-2020/2021.  2021 ഫെബ്രുവരി 25.

വൈക്കം താലൂക്കിൽ വൈക്കം വില്ലേജിൽ പടിഞ്ഞാറ്റുംചേരി തെക്കേമുറി കരയിൽ കോലോത്തുപറമ്പ് വീട്ടിൽ കെ. എൻ. ജാനകി അമ്മാൾ 6-12-2018-ൽ മരണമടഞ്ഞിട്ടുള്ളതാണെന്നും ടിയാളുടെ പേരിലുള്ള വസ്തു സംബന്ധമായ ക്രയവിക്രയങ്ങൾക്കും മറ്റ് വിവിധ ആവശ്യങ്ങൾക്കുമായി അവകാശ സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകണമെന്ന് കാണിച്ച് പരേതയുടെ മകൻ മഹാദേവ അയ്യർ, വി., വെള്ളാപ്പള്ളിമഠം, പടിഞ്ഞാറ്റുംചേരി തെക്കേമുറി കര, വൈക്കം വില്ലേജ് സമർപ്പിച്ച അപേക്ഷയിന്മേൽ വൈക്കം വില്ലേജാഫീസർ മുഖാന്തിരം അന്വേഷണവും അവകാശ വിചാരണയും നടത്തിയതിൽ കെ. എൻ ജാനകി അമ്മാൾ 6-12-2018-ലും ഭർത്താവ് വെങ്കിടേശ്വര അയ്യർ 15-11-2013-ലും മകൻ രമേഷ്, വി. 3-11-2019-ൽ അവിവാഹിതനും സന്താന രഹിതനുമായി മരണമടഞ്ഞിട്ടുള്ളതാണെന്നും ടിയാളുടെ അവകാശിയായി താഴെ വിവരിക്കുന്ന ഒരാൾ മാത്രമാണുള്ളതെന്നും അറിയുന്നു.

| പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|
| മഹാദേവ അയ്യർ, വി. | മകൻ | 57 |

പരേതയുടെ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല. ആയതിനാൽ ടി ആവശ്യത്തിലേക്കായി പരേതയുടെ നിയമാനുസൃത അവകാശി മേൽ വിവരിച്ച മകൻ മഹാദേവ അയ്യർ മാത്രമാണെന്ന് പരിഗണിച്ച് അവകാശ സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം വൈക്കം തഹശീൽദാർ മുമ്പാകെ നേരിട്ട് ഹാജരായി രേഖാമൂലം പരാതി ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷവും തപാൽമാർഗ്ഗവും ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്,  (ഒപ്പ്)
വൈക്കം.  തഹശീൽദാർ.

## Kanjirappally Taluk

പരസ്യം

നമ്പർ സി2-2315/2020.  2020 ഡിസംബർ 31.

കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ പൊന്തൽപുഴ പി. ഒ. യിൽ പനക്ക വടക്കേതിൽ വീട്ടിൽ പി. ഒ. ദാനിയേൽ എന്നയാൾ 4-2-2020-ൽ മരണപ്പെട്ടു പോയിട്ടുള്ളതാണെന്നും വിവിധ ആവശ്യങ്ങൾക്കായി ഹാജരാക്കുന്നതിന് പരേതന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന് കാണിച്ച് പരേതന്റെ ഭാര്യ ജിജിമോൾ ദാനിയേൽ, പനക്കവടക്കേതിൽ വീട്, പൊന്തൻപുഴ പി. ഒ. സമർപ്പിച്ച അപേക്ഷയിൻമേൽ മണിമല വില്ലേജാഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ പരേതന്റെ അനന്തരാവകാശികളായി താഴെ പേര് ചേർക്കുന്നവരാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | മരിച്ചയാളുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ജിജിമോൾ ദാനിയേൽ | ഭാര്യ | 44 |
| 2 | ജോയൽ ദാനിയേൽ | മകൻ | 14 |
| 3 | ജോവിറ്റ് മേരി ദാനിയേൽ | മകൾ | 11 |
| 4 | ജൂവൽ ട്രീസാ ദാനിയേൽ | ,, | 9 |

മേൽ പറഞ്ഞിരിക്കുന്നവരാണ് പരേതന്റെ അനന്തരാവകാശികളെന്ന് കാണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം കാഞ്ഞിരപ്പള്ളി തഹശീൽദാർക്ക് രേഖാമൂലം നേരിട്ട് സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷമോ തപാലിലോ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്,  (ഒപ്പ്)
കാഞ്ഞിരപ്പള്ളി.  തഹശീൽദാർ.